**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3692** **05-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക കടാശ്വാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക കടാശ്വാസ കമ്മീഷൻ ഉത്തരവ് പ്രകാരം അർഹരായ കർഷകർക്ക് നൽകിയിട്ടുള്ള ആശ്വാസ നടപടികളുടെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ എത്ര രൂപ നൽകാനുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | സഹകരണ ബാങ്കുകൾക്ക് കാർഷിക കടാശ്വാസ കമ്മിഷൻ പ്രഖ്യാപിച്ച തുകയിൽ സഹകരണ സംഘം രജിസ്ട്രാർക്ക് സർക്കാർ ഉത്തരവ് മുഖേന അനുവദിച്ച് ലഭിച്ച തുകയിൽ 3,90,90,063/- രൂപ കൃഷി ഡയറക്ടറുടെ ആഫീസിൽ നിന്നും 2020-21 സാമ്പത്തിക വർഷം അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ നൽകാൻ കഴിഞ്ഞിട്ടില്ല. ബാക്കി തുക മുഴുവനായും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ 5,52,88,390/- രൂപയുടെ ധനസഹായ വിതരണത്തിനുള്ള അനുമതി ഉത്തരവായിട്ടുണ്ട്. നിലവിൽ കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച അവാർഡുകളിൽ പരിശോധന നടത്തി അർഹതപ്പെട്ട 521 അപേക്ഷകളിന്മേൽ 1,42,06,272/- രൂപയുടെ കടാശ്വാസ തുക അനുവദിക്കുന്നതിന് കൃഷി വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. കടാശ്വാസ കമ്മിഷൻ പ്രഖ്യാപിച്ച 55,23,61,772/- രൂപയുടെ 7627 അപേക്ഷകൾ അർഹതാ പരിശോധനയ്ക്കായി ജില്ലകളിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധന പൂർത്തിയാക്കി ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിലേക്കായി കൃഷി വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ തുക എന്നേക്ക് നൽകുമെന്ന വിശദാംശം നൽകാമോ; | (ബി) | പരിശോധനാ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുക അടിയന്തിരമായി കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഇരിക്കൂർ നിയോജകമണ്ഡലത്തിലെ എത്ര സഹകരണ സ്ഥാപനങ്ങൾക്ക് ഇപ്രകാരം തുക നൽകാനുണ്ട്; വിശദാംശം നൽകാമോ? | (സി) | ഇരിക്കൂർ നിയോജകമണ്ഡലത്തിലെ 12 സഹകരണ സ്ഥാപനങ്ങൾക്ക് തുക നൽകാനുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | തുക |
|---|---|---|
| 1 | ആലക്കോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 10,76,616 |
| 2 | ഏരുവേശ്ശി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1,36,809 |
| 3 | ഇരിക്കൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 25,07,406 |
| 4 | കുവേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1,69,131 |
| 5 | കുട്ടുമുഖം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1,28,876 |
| 6 | കുറ്റ്യാട്ടൂർ പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 15,450 |
| 7 | മയ്യിൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1,31,000 |
| 8 | നടുവിൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 15,64,796 |
| 9 | തടിക്കടവ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 15,55,000 |
| 10 | നുച്യാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 2,15,41,950 |
| 11 | കോളിത്തട്ട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 23,71,138 |
| 12 | ഉളിക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 40,71,013 |
| | **ആകെ** | **3,52,69,185** |